**മധുരമായ കുട്ടികളേ – ഈ ശരീരത്തിൽ നിന്നും ജീവിച്ചിരിക്കെ മരിക്കുന്നതിനുവേണ്ടി അഭ്യാസം ചെയ്യൂ – ഞാനും ആത്മാവാണ്, നിങ്ങളും ആത്മാവാണ് – ഈ അഭ്യാസത്തിലൂടെ മമത്വം ഇല്ലാതാകും.**

**ചോദ്യം** : ഏറ്റവും ഉയർന്ന ലക്ഷ്യം ഏതാണ്? ആ ലക്ഷ്യത്തെ പ്രാപ്തമാക്കുന്നവരുടെ അടയാളം എന്തായിരിക്കും?

**ഉത്തരം** : സർവ്വ ദേഹധാരികളോടുമുള്ള മമത്വം ഇല്ലാതാക്കും, സദാ ഭായി–ഭായി എന്ന സ്മൃതി ഉണ്ടായിരിക്കും – ഇത് തന്നെയാണ് ഏറ്റവും ഉയർന്ന ലക്ഷ്യം. നിരന്തരം ദേഹീ അഭിമാനിയാകുവാൻ അഭ്യസിക്കുന്നവർക്ക് തന്നെയാണ് ഈ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നത്. അഥവാ ദേഹീ അഭിമാനി അല്ലായെങ്കിൽ എവിടെയെങ്കിലും കുടുങ്ങിപ്പോകും, ഒന്നുകിൽ തന്റെ ശരീരത്തിൽ അല്ലെങ്കിൽ മറ്റേതെങ്കിലും മിത്രസംബന്ധികളുടെ ശരീരത്തിൽ. അവർക്ക് മറ്റാരെങ്കിലും പറയുന്ന കാര്യങ്ങളോ മറ്റാരുടെയെങ്കിലും ശരീരമോ നല്ലതായി തോന്നും. ഉയർന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നവർ ശരീരത്തെ സ്നേഹിക്കില്ല. അവരുടെ ശരീര ബോധം ഇല്ലാതായി തീർന്നിരിക്കും.

**ഓംശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളോട് പറയുന്നു – നോക്കൂ, ഞാൻ നിങ്ങൾ സർവ്വ കുട്ടികളേയും തനിക്ക് സമാനം ആക്കുവാൻ വേണ്ടി വന്നിരിക്കുന്നു. തനിക്ക് സമാനം ആക്കുവാൻ ബാബ എങ്ങനെ വരും? ബാബ നിരാകാരനാണ്, പറയുന്നു ഞാൻ നിരാകാരനാണ് നിങ്ങൾ കുട്ടികളെ തനിക്ക് സമാനം അർത്ഥം നിരാകാരിയാക്കുവാൻ, ജീവിച്ചിരിക്കെ തന്നെ മരിക്കാൻ പഠിപ്പിക്കുവാൻ വരുന്നു. ബാബ സ്വയത്തെയും ആത്മാവാണ് എന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. ഈ ശരീരത്തിന്റെ ബോധമില്ല. ശരീരത്തിലിരുന്ന് കൊണ്ടും ശരീരത്തിന്റെ ബോധമില്ല. ഈ ശരീരം ബാബയുടേത് അല്ലല്ലോ. നിങ്ങൾ കുട്ടികളും ഈ ശരീരത്തിന്റെ ബോധത്തെ ഉപേക്ഷിക്കൂ. നിങ്ങൾ ആത്മാക്കൾക്ക് തന്നെയാണ് എന്നോടൊപ്പം വരേണ്ടത്. ഈ ശരീരം ഞാൻ ലോൺ എടുത്തിരിക്കുന്നത് പോലെ ആത്മാക്കളും പാർട്ട് അഭിനയിക്കുന്നതിനു വേണ്ടി ലോൺ എടുത്തിരിക്കുകയാണ്. നിങ്ങൾ ജന്മ ജന്മാന്തരമായി ശരീരം എടുക്കുന്നു. ഇപ്പോൾ ഞാൻ ജീവനോടെ ഈ ശരീരത്തിലിരിക്കുന്നു പക്ഷേ വേറിട്ടിരിക്കുന്നു അർത്ഥം മരിച്ചിരിക്കുന്നു. ശരീരം ഉപേക്ഷിക്കുന്നതിനെയാണ് മരിക്കുക എന്ന് പറയുന്നത്. നിങ്ങൾക്കും ജീവിച്ചിരിക്കെ തന്നെ ഈ ശരീരത്തിൽ നിന്നും മരിക്കണം. ഞാനും ആത്മാവാണ് നിങ്ങളും ആത്മാവാണ്. നിങ്ങൾക്ക് എന്നോടൊപ്പം വരണമോ അതോ ഇവിടെത്തന്നെ ഇരിക്കണോ? നിങ്ങൾക്ക് ഈ ശരീരത്തിനോട് ജന്മ ജന്മാന്തരമായിട്ട് മോഹമുണ്ട്. ഞാൻ അശരീരിയാണ്, നിങ്ങളും ജീവിച്ചിരിക്കെ സ്വയം അശരീരിയാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ നമുക്ക് ബാബയോടൊപ്പം പോകണം. ഇത് ബാബയുടെ പഴയ ശരീരമാണ് അതുപോലെ നിങ്ങൾ ആത്മാക്കളുടേതും പഴയ ശരീരമാണ്. പഴയ ചെരുപ്പ് ഉപേക്ഷിക്കണം. എനിയ്ക്ക് ഇതിനോട് മമത്വം ഇല്ല, നിങ്ങളും ഈ പഴയ ചെരുപ്പിനോടുള്ള മമത്വം ഉപേക്ഷിക്കൂ. നിങ്ങൾക്ക് മമത്വം ഉണ്ടാവുക എന്നത് ശീലമായിരിക്കുന്നു, എനിയ്ക്ക് ആ ശീലം ഇല്ല. ഞാൻ ജീവിച്ചിരിക്കെ തന്നെ മരിച്ചിരിക്കുകയാണ്. നിങ്ങളും ജീവിച്ചിരിക്കെ തന്നെ മരിക്കണം. എന്നോടൊപ്പം വരണമെങ്കിൽ ഇത് അഭ്യസിക്കൂ. എത്രമാത്രം ശരീര ബോധമാണ്, കാര്യമേ പറയേണ്ട! ശരീരം രോഗിയായാൽ പോലും ആത്മാവ് അതിനെ ഉപേക്ഷിക്കുന്നില്ല, ഇതിനോടുള്ള മമത്വം ഉപേക്ഷിക്കേണ്ടതുണ്ട്. നമുക്ക് തീർച്ചയായും ബാബയോടൊപ്പം പോകണം. സ്വയം ശരീരത്തിൽ നിന്നും വേറിട്ടതാണ് എന്ന് മനസ്സിലാക്കണം. ഇതിനെത്തന്നെയാണ് ജീവിച്ചിരിക്കെ മരിക്കുക എന്ന് പറയുന്നത്. തന്റെ വീട് തന്നെയാണ് ഓർമ്മയുള്ളത്. നിങ്ങൾ ജന്മ ജന്മാന്തരമായി ഈ ശരീരത്തിൽ വസിച്ച് വരികയായിരുന്നു അതുകൊണ്ട് നിങ്ങൾക്ക് പരിശ്രമിക്കേണ്ടി വരുന്നു. ജീവിച്ചിരിക്കെ തന്നെ മരിക്കേണ്ടതായുണ്ട്. ഞാൻ ഈ ശരീരത്തിൽ താത്ക്കാലികമായാണ് വരുന്നത്. മരിക്കുന്നതിലൂടെ അർത്ഥം സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി നടക്കുന്നതിലൂടെ ഏതൊരു ദേഹധാരിയോടും മമത്വം തോന്നുകയില്ല. ആരോടെങ്കിലുമൊക്കെ മോഹം തോന്നുന്നു. അവരെ കാണാതിരിക്കുവാനേ സാധിക്കുന്നില്ല. ദേഹധാരിയെ ഓർമ്മിക്കുന്നത് ഇല്ലാതാകണം കാരണം ലക്ഷ്യം വളരെ വലുതാണ്. കഴിക്കുമ്പോഴും കുടിക്കുമ്പോഴുമെല്ലാം ഈ ശരീരത്തിൽ ഇല്ല എന്നത് പോലെ തോന്നണം. ഈ അവസ്ഥയെ പക്കയാക്കുകയാണെങ്കിൽ 8 രത്നങ്ങളുടെ മാലയിൽ വരുവാൻ സാധിക്കും. പരിശ്രമിക്കാതെ ഒരിക്കലും ഉയർന്ന പദവി ലഭിക്കുകയില്ല. ജീവിച്ചിരിക്കെ എല്ലാം കണ്ടുകൊണ്ടും ഞാൻ അവിടെ വസിക്കുന്നയാളാണ് എന്ന് മനസ്സിലാക്കണം. ബാബ ഇതിൽ താത്ക്കാലികമായിട്ടാണിരിക്കുന്നത് അത് പോലെ ഇപ്പോൾ നമുക്കും വീട്ടിലേയ്ക്ക് പോകണം. ബാബയ്ക്ക് മമത്വം ഇല്ലാത്തത് പോലെ നമുക്കും ഇതിനോട് മമത്വം ഉണ്ടാകരുത്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നതിനായി ബാബയ്ക്ക് ഈ ശരീരത്തിൽ ഇരിക്കേണ്ടതായുണ്ട്.

നിങ്ങൾക്ക് ഇപ്പോൾ തിരികെ പോകണം അതിനാൽ ഏതൊരു ദേഹധാരിയോടും മമത്വം തോന്നരുത്. ഇന്നയാൾ വളരെ നല്ലതാണ്, മധുരമാണ് – ആത്മാവിന്റെ ബുദ്ധി അങ്ങോട്ട് പോകുന്നില്ലേ. ബാബ പറയുന്നു ശരീരത്തെയല്ല ആത്മാവിനെയാണ് കാണേണ്ടത്. ശരീരത്തെ നോക്കുന്നതിലൂടെ നിങ്ങൾ കുടുങ്ങി മരിക്കും. ലക്ഷ്യം വളരെ ഉയർന്നതാണ്. നിങ്ങളുടേത് ജന്മ ജന്മാന്തരമായിട്ടുള്ള പഴയ മമത്വമാണ്. ബാബയ്ക്ക് മമത്വം ഇല്ല അതുകൊണ്ടാണ് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുവാൻ വന്നിരിക്കുന്നത്. ബാബ പറയുന്നു, ഞാൻ ഈ ശരീരത്തിൽ കുടുങ്ങുന്നില്ല, നിങ്ങളാണ് കുടുങ്ങിപ്പോകുന്നത്. ഞാൻ നിങ്ങളെ മോചിപ്പിക്കുവാനാണ് വന്നിരിക്കുന്നത്. നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയായി, ഇപ്പോൾ ശരീരത്തിന്റെ ബോധത്തെ ഉപേക്ഷിക്കൂ. ആത്മാഭിമാനിയായിട്ടിരിക്കാത്തത് കാരണം നിങ്ങൾ എവിടെയെങ്കിലുമൊക്കെ കുടുങ്ങിപ്പോകുന്നു. ചിലരുടെ സംസാരം ഇഷ്ടപ്പെടുന്നു, ചിലരുടെ ശരീരം ഇഷ്ടപ്പെടുന്നു, അപ്പോൾ വീട്ടിലും അവരുടെ ഓർമ്മയാണുണ്ടാവുക. ശരീരത്തെയാണ് സ്നേഹിക്കുന്നത് എങ്കിൽ പരാജിതരാകും. അങ്ങനെ ധാരാളം പേർ മോശമായിത്തീരുന്നു. ബാബ പറയുന്നു സ്ത്രീ പുരുഷൻ എന്ന സംബന്ധം ഉപേക്ഷിച്ച് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ. ഇവരും ആത്മാവാണ്, ഞാനും ആത്മാവാണ്. ആത്മാവാണ് എന്ന് മനസ്സിലാക്കിയാൽ ശരീരത്തിന്റെ ബോധം ഇല്ലാതാകും. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് വികർമ്മം വിനാശമാകുന്നത്. ഈ കാര്യത്തെക്കുറിച്ച് വളരെ നല്ല രീതിയിൽ വിചാര സാഗര മഥനം ചെയ്യുവാൻ സാധിക്കും. വിചാര സാഗര മഥനം ചെയ്യാതെ നിങ്ങൾക്ക് കുതിക്കുവാൻ സാധിക്കില്ല. നമുക്ക് തീർച്ചയായും ബാബയുടെ അടുക്കൽ തിരികെ പോകണം എന്ന പക്കാ നിശ്ചയം ഉണ്ടായിരിക്കണം. ഓർമ്മിക്കുന്നതാണ് മുഖ്യമായ കാര്യം. 84 ജന്മങ്ങളുടെ ചക്രം പൂർത്തിയായി ഇനി വീണ്ടും ആരംഭിക്കണം. ഈ പഴയ ദേഹത്തിനോടുള്ള മമത്വം മാറ്റിയില്ലായെങ്കിൽ തന്റെ ശരീരത്തിൽ അല്ലെങ്കിൽ മറ്റേതെങ്കിലും മിത്ര സംബന്ധികളുടെ ശരീരത്തിൽ കുടുങ്ങിപ്പോകും. നിങ്ങൾക്ക് ആരോടും മമത്വം തോന്നരുത്. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. നമ്മൾ ആത്മാക്കളും നിരാകാരരാണ്, ബാബയും നിരാകാരനാണ്, അരകല്പം ഭക്തീ മാർഗ്ഗത്തിൽ നിങ്ങൾ ബാബയെ ഓർമ്മിച്ചു. അല്ലയോ പ്രഭൂ എന്ന് വിളിക്കുമ്പോൾ ശിവലിംഗം മുന്നിൽ വരും. അല്ലയോ പ്രഭൂ എന്ന് ഏതെങ്കിലും ദേഹധാരിയെ വിളിക്കുകയില്ല. സർവ്വരും ശിവക്ഷേത്രത്തിൽ പോയി പരമാത്മാവെന്ന് മനസ്സിലാക്കി പൂജിക്കുന്നു. ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്ന് തന്നെയാണ്. ഉയർന്നതിലും ഉയർന്നത് അർത്ഥം പരംധാമത്തിൽ വസിക്കുന്നവർ. ഒന്നിന്റെ അവ്യഭിചാരിയായ ഭക്തി തന്നെയാണ് ആദ്യം ചെയ്തിരുന്നത്. പിന്നെ വ്യഭിചാരിയായി മാറി. ബാബ വീണ്ടും വീണ്ടും കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, നിങ്ങൾക്ക് ഉയർന്ന പദവി നേടണമെങ്കിൽ ഈ അഭ്യാസം ചെയ്യൂ. ദേഹബോധത്തെ ഉപേക്ഷിക്കൂ. സന്യാസികളും വികാരങ്ങളെ ഉപേക്ഷിക്കുന്നുണ്ടല്ലോ. മുൻപ് സതോപ്രധാനമായിരുന്നു ഇപ്പോൾ അവരും തമോപ്രധാനമായി മാറി. സതോപ്രധാന ആത്മാക്കൾ ആകർഷിക്കുന്നു, അപവിത്ര ആത്മാക്കളെ അങ്ങോട്ട് വലിക്കുന്നു കാരണം ആത്മാവ് പവിത്രമാണ്. പുനർജന്മം എടുക്കുന്നുണ്ട് എന്നാലും പവിത്രമായത് കാരണം ആകർഷിക്കുന്നു. എത്രയും പേരാണ് അനുയായികളാകുന്നത്. പവിത്രതയുടെ ശക്തി എത്രമാത്രമുണ്ടോ അത്രയും കൂടുതൽ അനുയായികൾ ഉണ്ടായിരിക്കും. ബാബ സദാ പവിത്രവും ഗുപ്തവുമാണ്. രണ്ട് പേരല്ലേ, ശക്തി മുഴുവൻ ബാബയുടേതാണ്. ബ്രഹ്മാവിന്റേതല്ല. ആരംഭത്തിൽ നിങ്ങളെ ബാബയാണ് ആകർഷിച്ചത്. ഈ ബ്രഹ്മാവ് അല്ല, കാരണം ബാബ സദാ പവിത്രമാണ്. നിങ്ങൾ ആരും ബ്രഹ്മാബാബയുടെ പിന്നാലെ പോകുന്നില്ല. ബ്രഹ്മാബാബ പറയുന്നത് ഞാനാണ് ഏറ്റവും കൂടുതൽ പൂർണ്ണമായും 84 ജന്മം പ്രവൃത്തി മാർഗ്ഗത്തിലിരുന്നത് എന്നാണ്. ബ്രഹ്മാബാബയ്ക്ക് നിങ്ങളെ ആകർഷിക്കുവാൻ സാധിക്കില്ല. ബാബ പറയുന്നു ഞാനാണ് നിങ്ങളെ ആകർഷിച്ചത്. സന്യാസികൾ പവിത്രമായിരിക്കുന്നുണ്ട്. എന്നാൽ എന്നെപ്പോലെ ആർക്കും പവിത്രമാകുവാൻ സാധിക്കില്ല. അവരെല്ലാം ഭക്തീമാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ് കേൾപ്പിക്കുന്നത്. ഞാൻ വന്ന് നിങ്ങൾക്ക് സർവ്വ വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും സാരം കേൾപ്പിക്കുന്നു. ചിത്രത്തിലും കാണിക്കുന്നുണ്ട് വിഷ്ണുവിന്റെ നാഭിയിൽ നിന്നും ബ്രഹ്മാവ് വന്നു പിന്നെ ബ്രഹ്മാവിന്റെ കൈയ്യിൽ ശാസ്ത്രവും കാണിക്കുന്നുണ്ട്. വിഷ്ണു ബ്രഹ്മാവിലൂടെ ശാസ്ത്രങ്ങളുടെ രഹസ്യമൊന്നും കേൾപ്പിക്കുന്നില്ല. അവർ വിഷ്ണുവിനേയും ഭഗവാനാണ് എന്ന് വിചാരിക്കുന്നു. ബാബ പറയുന്നു ഞാൻ ഈ ബ്രഹ്മാവിലൂടെ കേൾപ്പിക്കുന്നു. ഞാൻ വിഷ്ണുവിലൂടെ ഒരിക്കലും കേൾപ്പിക്കുന്നില്ല ബ്രഹ്മാവ് എവിടെയിരിക്കുന്നു, വിഷ്ണു എവിടെയിരിക്കുന്നു. ബ്രഹ്മാവ് തന്നെയാണ് വിഷ്ണുവാകുന്നത് പിന്നെ 84 ജന്മത്തിന് ശേഷം ഈ സംഗമം ഉണ്ടാകും. ഇത് പുതിയ കാര്യങ്ങൾ അല്ലേ. മനസ്സിലാക്കാനുള്ള എത്രമാത്രം അതിശയകരമായ കാര്യങ്ങളാണ്.

ഇപ്പോൾ ബാബ പറയുന്നു – കുട്ടികളേ, ജീവിച്ചിരിക്കെ മരിക്കൂ, നിങ്ങൾ ശരീരത്തിലല്ലേ ജീവിക്കുന്നത്. നമ്മൾ ആത്മാവാണ് നമ്മൾ ബാബയോടൊപ്പം പോകും എന്ന് മനസ്സിലാക്കുന്നുണ്ട്. ഈ ശരീരമൊന്നും കൊണ്ട് പോകുന്നില്ല. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്, കുറച്ചെന്തെങ്കിലും പുതിയ ലോകത്തിലേയ്ക്ക്

ട്രാൻസ്ഫർ ചെയ്യൂ. അടുത്ത ജന്മത്തേയ്ക്ക് വേണ്ടിയാണ് മനുഷ്യർ ദാന പുണ്യങ്ങളൊക്കെ ചെയ്യുന്നത്. നിങ്ങൾക്കും പുതിയ ലോകത്തിലാണ് ലഭിക്കേണ്ടത്. കല്പത്തിന് മുൻപ് ആരാണോ ചെയ്തത് അവരാണ് ചെയ്യുന്നത് കുറവോ കൂടുതലോ ഒന്നും സംഭവിക്കുന്നില്ല. നിങ്ങൾ സാക്ഷിയായി കണ്ടുകൊണ്ടിരിക്കൂ. ഒന്നും പറയേണ്ട ആവശ്യമില്ല. ബാബ പറയുന്ന എന്തെല്ലാമാണോ ചെയ്യുന്നത് അതിന്റെയും അഹങ്കാരം വരാൻ പാടില്ല. നമ്മൾ ആത്മാക്കൾ ഈ ശരീരം ഉപേക്ഷിക്കും. അവിടെ പുതിയ ലോകത്തിൽ പോയി പുതിയ ശരീരം എടുക്കും. രാമനും പോയി രാവണനും പോയി എന്നൊക്കെ പാടാറുണ്ട്, രാവണന്റെ പരിവാരം എത്ര വലുതാണ്. നിങ്ങൾ ഒരു പിടിയാണുള്ളത്. ഇതെല്ലാം രാവണന്റെ സമ്പ്രദായമാണ്. രാമന്റെ സമ്പ്രദായമായ നിങ്ങൾ എത്ര കുറവാണ് – 9 ലക്ഷം. നിങ്ങൾ ഭൂമിയിലെ നക്ഷത്രങ്ങളല്ലേ. അമ്മയും അച്ഛനും നിങ്ങൾ കുട്ടികളും. ബാബ വീണ്ടും വീണ്ടും പറയുന്നു, ജീവിച്ചിരിക്കെ മരിക്കുവാൻ പരിശ്രമിക്കൂ. അഥവാ ആരെയെങ്കിലും കാണുമ്പോൾ, ഇവർ വളരെ നല്ലതാണ്, വളരെ മധുരമായിട്ട് മനസ്സിലാക്കിത്തരുന്നു എന്ന് ബുദ്ധിയിൽ തോന്നുകയാണെങ്കിൽ ഇതും മായയോട് യുദ്ധം ചെയ്യലാണ്, മായ ചതിക്കുന്നു. അവരുടെ ഭാഗ്യത്തിൽ ഇല്ലായെങ്കിൽ മായ മുന്നിൽ വരുന്നു. എത്ര മനസ്സിലാക്കിക്കൊടുത്താലും ദ്വേഷ്യം വരും. ദേഹാഭിമാനമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കില്ല. കൂടുതൽ പറയുകയാണെങ്കിൽ പൊട്ടിത്തെറിക്കും, അതുകൊണ്ട് സ്നേഹത്തോടുകൂടി നടത്തേണ്ടിവരും. ആരോടെങ്കിലും അടുപ്പം തോന്നുകയാണെങ്കിൽ പിന്നെ കാര്യമേ പറയേണ്ട, ഭ്രാന്തരായി മാറുന്നു. മായ ബുദ്ധിയില്ലാത്തവരാക്കി മാറ്റുന്നു അതുകൊണ്ട് ബാബ പറയുന്നു ഒരിക്കലും ഒരാളുടേയും നാമ രൂപത്തിൽ കുടുങ്ങരുത്. ഞാൻ ആത്മാവാണ് പിന്നെ വിദേഹിയായി ഒരേ ഒരു ബാബയെ സ്നേഹിക്കണം. ഇതാണ് പരിശ്രമം. ഒരാളുടേയും ശരീരത്തോട് മമത്വം തോന്നരുത്. വീട്ടിലിരിക്കുമ്പോഴും ജ്ഞാനം നല്കുന്നവരുടെ ഓർമ്മ വരരുത് – വളരെ മധുരമാണ്, വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു. ജ്ഞാനമാണ് മധുരമായിട്ടുള്ളത്. ആത്മാവ് മധുരമാണ്. ശരീരം മധുരമായിട്ടുള്ളതല്ല. സംസാരിക്കുന്നതും ആത്മാവാണ്. ശരീരത്തെ സ്നേഹിക്കുന്നവരാകരുത്.

ഇന്നത്തെക്കാലത്ത് ഭക്തീമാർഗ്ഗങ്ങൾ ധാരാളമുണ്ട്. ആനന്ദമയീ അമ്മയേയും അമ്മേ അമ്മേ എന്ന് വിളിച്ച് ഓർമ്മിക്കുന്നു. ശരി, അച്ഛൻ എവിടെയാണ്? അച്ഛനിൽ നിന്നുമാണോ അമ്മയിൽ നിന്നുമാണോ സമ്പത്ത് ലഭിക്കേണ്ടത്? അമ്മയ്ക്കും ധനം ലഭിക്കുന്നത് എവിടെ നിന്നാണ്? അമ്മേ അമ്മേ എന്ന് മാത്രം വിളിക്കുന്നതിലൂടെ അല്പം പോലും പാപം നശിക്കില്ല. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. നാമ രൂപത്തിൽ കുടുങ്ങരുത്, വീണ്ടും പാപമുണ്ടാകും കാരണം ബാബയുടെ ആജ്ഞയെ പാലിക്കാത്തവരായി മാറുന്നു. ധാരാളം കുട്ടികൾ മറന്ന് പോയിരിക്കുന്നു. ബാബ പറയുന്നു, ഞാൻ നിങ്ങൾ കുട്ടികളെ കൊണ്ടുപോകുവാൻ വേണ്ടി വന്നിരിക്കുകയാണ് അതിനാൽ തീർച്ചയായും കൊണ്ടുപോകും, അതുകൊണ്ട് എന്നെ ഓർമ്മിക്കൂ. എന്നെ മാത്രം ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് നിങ്ങളുടെ പാപം നശിക്കുന്നത്. ഭക്തീ മാർഗ്ഗത്തിൽ വളരെയധികം പേരെ ഓർമ്മിച്ചിരുന്നു. എന്നാൽ അച്ഛനില്ലാതെ കാര്യങ്ങൾ എങ്ങനെ നടക്കും. അമ്മയെ ഓർമ്മിക്കൂ എന്ന് ബാബ ഒരിക്കലും പറയുന്നില്ല. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ഞാനാണ് പതീത പാവനൻ. ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കൂ. നിങ്ങളും ബാബയുടെ നിർദ്ദേശമനുസരിച്ച് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ. നിങ്ങൾ പതീത പാവനൻ അല്ല. ഓർമ്മിക്കേണ്ടത് ഒരേ ഒരാളെയാണ്. നമുക്ക് ഒരു ബാബയല്ലാതെ മറ്റാരും ഇല്ല. ബാബാ ഞങ്ങൾ അങ്ങയിൽത്തന്നെ അർപ്പണമാകും. ശിവബാബയിലാണ് അർപ്പണമാകേണ്ടത്, ബാക്കി സർവ്വരുടേയും ഓർമ്മ ഇല്ലാതാകണം. ഭക്തീമാർഗ്ഗത്തിൽ വളരെയധികം പേരെ ഓർമ്മിച്ചിരുന്നു ഇവിടെ ഒരു ശിവബാബ മറ്റാരും ഇല്ല. എന്നിട്ടും ചിലർ തന്നിഷ്ടം കാണിക്കുന്നു അപ്പോൾ എന്ത് ഗതിയും സദ്ഗതിയും ഉണ്ടാകും! ആശയക്കുഴപ്പത്തിലാകുന്നു – എങ്ങനെ ബിന്ദുവിനെ ഓർമ്മിക്കും? നിങ്ങൾക്ക് നിങ്ങളുടെ ആത്മാവിനെ ഓർമ്മയുണ്ടല്ലോ അല്ലേ, ഞാൻ ആത്മാവാണ് എന്നത്. അത് ബിന്ദു രൂപം തന്നെയാണ്. അച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. അമ്മയെന്ന് പറയുന്നത് ദേഹധാരിയെയാണ്. നിങ്ങൾക്ക് വിദേഹിയിൽ നിന്നുമാണ് സമ്പത്ത് ലഭിക്കേണ്ടത് അതുകൊണ്ട് മറ്റ് സർവ്വ കാര്യങ്ങളും ഉപേക്ഷിച്ച് കേവലം ഒന്നുമായി ബുദ്ധിയോഗം വെയ്ക്കണം.ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം –

1. ശരീരത്തിന്റെ ബോധത്തെ ഇല്ലാതാക്കുന്നതിനുവേണ്ടി നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഈ

അഭ്യാസം ചെയ്യണം – ഈ ശരീരത്തിൽ നിന്നും മരിച്ചിരിക്കുകയാണ്, വേറിട്ടിരിക്കുകയാണ് എന്നത്പോലെ. ശരീരത്തിലേ  ഇല്ല. ശരീരം ഇല്ലാത്ത ആത്മാവിനെ നോക്കൂ.

2. ഒരിക്കലും ഒരാളുടേയും ശരീരത്തിനോട് ഇഷ്ടം തോന്നരുത്. ഒരേഒരു വിദേഹിയായ ബാബയെത്തന്നെയാണ് സ്നേഹിക്കേണ്ടത്. ഒന്നിനോട് മാത്രം ബുദ്ധിയോഗം വെയ്ക്കണം.

**വരദാനം:– സേവനത്തിന്റെയും സ്വ പുരുഷാർത്ഥത്തിന്റെയും ബാലൻസിലൂടെ ബ്ലെസ്സിങ്ങ്( ആശീർവാദം) പ്രാപ്തമാക്കുന്ന കർമ്മയോഗിയായി ഭവിക്കട്ടെ.**

കർമ്മയോഗി അർത്ഥം കർമ്മത്തിന്റെ സമയത്തും യോഗത്തിന്റെ ബാലൻസുള്ളവർ. സേവനം അർത്ഥം കർമ്മവും സ്വ പുരുഷാർത്ഥവും അതായത് യോഗയുക്തം– ഈ രണ്ടിന്റെയും ബാലൻസ് വെക്കുന്നതിന് വേണ്ടി ഒരേ ഒരു ശബ്ദം ഓർമ്മ വെക്കൂ അതായത് ബാബ ചെയ്യിപ്പിക്കുന്നവനാണ് ഞാൻ ആത്മാവ് ചെയ്യുന്നവനാണ്. ഈ ഒരു ശബ്ദം ബാലൻസ് വെക്കുന്നത് വളരെ സഹജമാക്കും മാത്രമല്ല സർവ്വരുടെയും ആശീർവാദവും ലഭിക്കും. ചെയ്യുന്നവന് പകരം സ്വയത്തെ ചെയ്യിപ്പിക്കുന്നവനെന്ന് കരുതുകയാണെങ്കിൽ ആശീർവാദം ലഭിക്കുകയില്ല, മാത്രമല്ല മായ തന്റെ അവസരം മുതലാക്കും.

**സ്ലോഗൻ:– ദൃഷ്ടിയിലൂടെ സായൂജ്യം ചെയ്യിപ്പിക്കുന്നതിന്റെ സേവനം ചെയ്യണമെങ്കിൽ ബാപ്ദാദയെ തന്റെ നയനങ്ങളിൽ ഒതുക്കൂ.**